"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - നാട്ടിലേക്കിറങ്ങുന്ന ശല്യക്കാരായ കാട്ടുപന്നികളെ ഉപാധികളോടെ നശിപ്പിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും നടപടിക്രമങ്ങളുമടങ്ങുന്ന ഉത്തരവുകളുടെ കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

വനം വന്യജീവി (ഡി)വകുപ്പ്

സ.ഉ.(കൈ) നം.23/2022/F&WLD തീയതി,തിരുവനന്തപുരം, 05-05-2022

---

പരാമർശം:-

1. സ.ഉ(സാധാ) നം. 111/2020/വനം തീയതി, 18.05.2020
2. സ.ഉ(സാധാ) നം.284/2020/വനം തീയതി, 18.11.2020
3. സ.ഉ(സാധാ) നം.5/2021/വനം തീയതി, 11.01.2021
4. സ.ഉ(സാധാ) നം.25/2021/വനം തീയതി, 28.01.2021
5. സ.ഉ (സാധാ) നം.159/2021/വനം തീയതി, 29.05.2021
6. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 07.04.2022-ലെ KFDHQ/3331/2021-CWW/WL11 നമ്പർ കത്ത്

<u>ഉത്തരവ്</u>

കാട്ടിൽ നിന്നും നാട്ടിലേക്കിറങ്ങി മനുഷ്യരുടെ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങളും നടപടിക്രമങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ കാലയളവ് ആറ് മാസത്തേക്കായിരുന്നു. 17.11.2020-ൽ കാലാവധി കഴിഞ്ഞ പ്രസ്തുത ഉത്തരവ് പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം 17.05.2021 വരെ ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. കൂടാതെ കാട്ടുപന്നികളെ കൊല്ലാൻ ഉപയോഗിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളിലും നടപടിക്രമങ്ങളിലും ചില ഭേദഗതികൾ വരുത്തിക്കൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവാകുകയും പ്രസ്തുത ഉത്തരവിന്റെ കാലാവധി പരാമർശം (2) ലെ സർക്കാർ ഉത്തരവിന്റെ കാലാവധിയായ 17.05.2021 വരെ മാത്രമായി നിജപ്പെടുത്തി ഉത്തരവായിരുന്നു. പരാമർശം (4) ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങളിലും നടപടിക്രമങ്ങളിലും ചില ഭേദഗതികൾ കൂടി വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, 17.05.2021-ൽ കാലാവധി അവസാനിച്ച പരാമർശം (3), (4) ലെ ഉത്തരവുകളുടെ കാലാവധി 18.05.2021 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു.

പരാമർശം (3),(4) സർക്കാർ ഉത്തരവുകളുടെ കാലാവധി 17.05.2022-ൽ അവസാനിക്കുന്നതിനാലും കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനായി നൽകിയ പ്രപ്പോസൽ കേന്ദ്രസർക്കാർ മടക്കി നൽകിയിട്ടുള്ള സാഹചര്യത്തിലും, കേരളത്തിൽ കാട്ടുപന്നികൾ മൂലം വനേതരപ്രദേശങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന നാശനഷ്ടങ്ങളിൽ കുറവ് ഉണ്ടാകാത്ത സാഹചര്യത്തിലും മേൽ സർക്കാർ ഉത്തരവുകളുടെ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ചീഫ് വൈൽഡ് ലൈഫ് വാർഡൻ പരാമർശം (6) പ്രകാരം ശിപാർശ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കാലാവധി അവസാനിക്കുന്ന പരാമർശം (3), (4) സർക്കാർ ഉത്തരവുകളുടെ കാലാവധി 18.05.2022 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി ഉത്തരവ് പ്രകാരം എല്ലാ ഡിവിഷനുകളിലെയും സ്പെഷ്യൽ ടാസ്ക് ഫോഴ്സുകളുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ ചീഫ് വൈൽഡ് ലൈഫ് വാർഡൻ സ്വീകരിക്കേണ്ടതും ഈ കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിച്ച ശേഷം ഒരു മാസം തികയുന്ന മുറയ്ക്ക് എടുത്ത നടപടികൾ, നശിപ്പിച്ച കാട്ടുപന്നികളുടെ എണ്ണം തുടങ്ങിയ കാര്യങ്ങൾ വിശദീകരിച്ചുകൊണ്ട് റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINHA
പ്രിൻസിപ്പൽ സെക്രട്ടറി

ജില്ലാ കളക്ടർമാർ
സംസ്ഥാന പോലീസ് മേധാവി, പോലീസ് ആസ്ഥാനം വഴുതക്കാട്, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ & ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ )വകുപ്പ്
കരുതൽ ശേഖരം/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sabarish M S
Date: 07-05-2022 10:51:39

സെക്ഷൻ ഓഫീസർ

വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്